# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 710 — 20.03.2013-ൽ മറുപടിക്ക്

## പോളിയോ രോഗനിവാരണ പരിപാടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിററയം ഗോപകുമാർ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ദേശീയ പോളിയോരോഗ നിർമ്മാർജ്ജന പരിപാടിയുമായി ബന്ധപ്പെട്ട് നടത്തുന്ന തുള്ളിമരുന്ന് വിതരണം കേരളത്തിൽ അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുത്തത്തക്കവിധം സംസ്ഥാനാടിസ്ഥാനത്തിൽ ആരോഗ്യപഠനം നടത്തിയിട്ടുണ്ടോ ; | (എ) (ബി) (സി) | പോളിയോ നിർമ്മാർജ്ജനവും അനുബന്ധ പോളിയോ തുള്ളിമരുന്നു വിതരണവും ഒരു അഖിലേന്ത്യാ പരിപാടി യാണ്. ഇതിൽ നിന്നും കേരള സംസ്ഥാനത്തിന് മാത്രമായി ഒഴിഞ്ഞു നിൽക്കാനാവില്ല. കൂടാതെ മേൽ പരിപാടി മുഖാന്തിരം ഇന്ത്യയിൽ നിന്ന് ഈ രോഗം ഏകദേശം നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി ഇന്ത്യയിൽ ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ലോകാരോഗ്യ സംഘടന യുടെ നിർദ്ദേശമനുസരിച്ച് മൂന്ന് കൊല്ലമെങ്കിലും ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ ഇന്ത്യയിൽ നിന്നും ഈ രോഗം നിർമ്മാർജ്ജനം ചെയ്യപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ആയതിനാൽ തന്നെ അടുത്ത ഒരു വർഷത്തോടു കൂടി ഈ പദ്ധതി നിർത്തലാക്കാവു ന്നതാണ് എന്നു കരുതുന്നു. |
| (ബി) ദേശീയതലത്തിൽ സംസ്ഥാനങ്ങൾ തിരിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വേ അനുബന്ധ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതായി അറിയുമോ ; | | |
| (സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ; | | |
| (ഡി) പോളിയോ തുള്ളിമരുന്ന് ക്യാമ്പയിനു മായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകൾക്ക് തൃപ്തികരമായ വിശദീ കരണം നൽകുവാൻ ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) എങ്കിൽ വിശദാംശം അറിയിക്കുമോ ; | (ഇ) | മെഡിക്കൽ ആഫീസർമാർക്കും വോളന്റിയർമാർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ വിതരണം ചെയ്യാനായി എഫ്.എ.ക്യു. ജില്ലകൾക്ക് |

(.....2)

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി. കൂടാതെ വാക്സിനേഷന് ശേഷം ഉണ്ടാകാനിടയുള്ള എല്ലാ ആരോഗ്യപ്രശ്നങ്ങളും നിരീക്ഷിക്കുവാൻ എ.ഇ.എഫ്.ഐ. കമ്മറ്റി എന്ന സംവിധാനം സംസ്ഥാനത്തുടനീളം പ്രവർത്തിച്ച് വരുന്നുണ്ട്. |
| (എഫ്) | മതിയായ പഠനങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ദേശീയ തലത്തിലുള്ള ഇത്തരം ക്യാമ്പയിനുകൾ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നത് ഗുണകരമാണോ എന്ന് ആരോഗ്യ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; | (എഫ്) | പോളിയോ നിർമ്മാർജ്ജനവും, അനുബന്ധ പോളിയോ തുള്ളിമരുന്ന വിതരണവും ഒരു അഖിലേന്ത്യാ പദ്ധതിയാണ്. ഇതിൽ നിന്നും ഒരു സംസ്ഥാനത്തിന് മാത്രമായി ഒഴിഞ്ഞു നിൽക്കാനാവില്ല. |
| (ജി) | ഇല്ലായെങ്കിൽ അത്തരം ഒരു പഠന ഗവേഷണത്തിന് തയ്യാറാകുമോ ? | (ജി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ